ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 09.06.2026**

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് കുവൈറ്റ് അമീറുമായി ടെലഫോൺ സംഭാഷണം നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി.
2. വയനാട് രണ്ട് വിദ്യാർത്ഥികൾക്ക് ഷിഗല്ല സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത കർശനമാക്കി. വൃത്തിയില്ലാത്ത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകൾ പൂട്ടുന്നതിന് നടപടി സ്വീകരിക്കുമെന്ന് ആരോഗ്യമന്ത്രി കെ മുരളീധരൻ.
3. ആരോഗ്യ മേഖലയിലെ വെല്ലുവിളികൾ പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'കായകൽപ്പം' ജനസമ്പർക്ക പരിപാടിയ്ക്ക് കോഴിക്കോട് തുടക്കമായി.
4. മുൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നവകേരള യാത്രക്കിടെ പ്രതിഷേധിച്ച, യൂത്ത് കോൺഗ്രസ് നേതാക്കളെ മർദ്ദിച്ച സംഭവത്തിൽ, ഗൺമാനും സുരക്ഷാ ഉദ്യോഗസ്ഥർക്കും മുൻകൂർ ജാമ്യം നൽകി ആലപ്പുഴ സെഷൻസ് കോടതി
5. സംസ്ഥാനത്ത് ഇന്ന് അർദ്ധരാത്രി മുതൽ ട്രോളിംഗ് നിരോധനം നിലവിൽ വരും. ജൂലൈ 31 വരെ 52 ദിവസമാണ് നിരോധനം.
6. വടക്കൻ കേരളത്തിൽ ശക്തമായ മഴ തുടരും. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന്

RNU TVPM

ചുവപ്പ് ജാഗ്രത. കേരളം ലക്ഷദ്വീപ് കർണാടക തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്ക്.

---

## പ്രധാനമന്ത്രി കുവൈറ്റ്

പശ്ചിമേഷ്യയിലെ സ്ഥിതിഗതികൾ സംബന്ധിച്ച് കുവൈറ്റ് അമീർ ഷെയ്ഖ് മിഷാൽ അൽ അഹമ്മദ് അൽ ജാബർ അൽ സബയുമായി ടെലഫോൺ സംഭാഷണം നടത്തി പ്രധാനമന്ത്രി നരേന്ദ്രമോദി. സംഘർഷം രൂക്ഷമാകുന്നതിൽ പ്രധാനമന്ത്രി ആശങ്ക രേഖപ്പെടുത്തി. കുവൈറ്റിന് നേർക്കുണ്ടായ ആക്രമണങ്ങളെ അദ്ദേഹം അപലപിച്ചു. നയതന്ത്ര മാർഗ്ഗങ്ങളിലൂടെ പ്രശ്നം പരിഹരിക്കണമെന്ന നിലപാടാണ് ഇന്ത്യയ്ക്കുള്ളതെന്നും ശ്രീ മോദി വ്യക്തമാക്കി. കുവൈറ്റിലെ ഇന്ത്യൻ പ്രവാസികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിൽ പ്രധാനമന്ത്രി അമീറിന് നന്ദി അറിയിച്ചു. അതിരൂക്ഷമായ മിസൈൽ ആക്രമണങ്ങളാണ് ഇസ്രയേലും ഇറാനും ഇന്നലെ നടത്തിയത്. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ അഭ്യർത്ഥനയ്ക്ക് പിന്നാലെ ഇരുരാജ്യങ്ങളും ആക്രമണങ്ങൾ നിർത്തി വച്ചിരിക്കുകയാണ്.

RNU TVPM

---

## കെ.മുരളീധരൻ കായകൽപ്പം (ഇൻട്രോ)

കോഴിക്കോട് മെഡിക്കൽ കോളേജിൽ വെർച്വൽ ഓട്ടോപ്സി സംവിധാനം ഒരുക്കുമെന്ന് ആരോഗ്യ മന്ത്രി കെ. മുരളീധരൻ. മൃതദേഹം കീറിമുറിക്കാതെ പോസ്റ്റുമോർട്ടം നടത്തുന്ന വെർച്വൽ ഓട്ടോപ്സി സംവിധാനത്തിന് 30 കോടി രൂപ ചിലവ് വരുമെന്നും അദ്ദേഹം പറഞ്ഞു. ആരോഗ്യ മേഖല നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കാൻ ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച 'കായകൽപ്പം' ജനസമ്പർക്ക പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് നിർവഹിക്കുകയായിരുന്നു ആരോഗ്യമന്ത്രി. ആരോഗ്യ മേഖലയെ സ്വകാര്യവത്കരിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

വയനാട്ടിൽ ഷിഗല്ല ബാധിച്ച രണ്ട് വിദ്യാർത്ഥിനികളുടെ ആരോഗ്യ സ്ഥിതി ഗുരുതരമല്ലെന്നും അദ്ദേഹം പറഞ്ഞു. 19 കുട്ടികളുടെ പരിശോധന ഫലം കൂടി ഇന്ന് ലഭിക്കും. വൃത്തിയില്ലാത്ത സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന തട്ടുകടകൾ പൂട്ടുന്നതിന് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയതായും ആരോഗ്യമന്ത്രി പറഞ്ഞു.

## മന്ത്രി ടി. സിദ്ദിഖ്.

വയനാട് കോളിയാടി എ.യു.പി. സ്കൂളിലെ രണ്ട് കുട്ടികൾക്ക് ഷിഗല്ല സ്ഥിരീകരിച്ച സാഹചര്യത്തിൽ മന്ത്രി ടി സിദ്ദിഖിൻറെ നേതൃത്വത്തിൽ സുൽത്താൻബത്തേരിയിൽ ഉന്നതതല യോഗം ചേർന്നു. സ്ഥിതിഗതി കൾ നിയന്ത്രണ വിധേയമാണെന്നും, ജാഗ്രത ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചതായും യോഗത്തിന് ശേഷം മന്ത്രി അറിയിച്ചു. 63 കുട്ടികളാണ് വിവിധ ആശുപത്രികളിൽ ചികിത്സയിലുള്ളത്. 433 പേർ രോഗലക്ഷണങ്ങളുമായിചികിത്സ തേടിയിരുന്നു. സ്കൂളിലും വീടുകളിലും ആശുപത്രിയിലും ശുചിത്വം ഉറപ്പുവരുത്തുമെന്ന് മന്ത്രി പറഞ്ഞു. ഷിഗല്ല സ്ഥിരീകരിച്ച പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും അവലോകനയോഗം ചേരും. കിണറുകളിൽ സ്പെഷ്യൽ ഡ്രൈവിലൂടെ ക്ലോറിനേഷൻ നടത്താനും തീരുമാനിച്ചിട്ടുണ്ട്.

RNU TVPM

## ട്രോളിംങ് നിരോധനം (ഇൻട്രോ)

സംസ്ഥാനത്ത് ഇന്ന് അർദ്ധരാത്രി മുതൽ ട്രോളിംങ് നിരോധനം നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രിവരെ 52 ദിവസമാണ് നിരോധനം. മത്സ്യങ്ങളുടെ പ്രജനന കാലം കണക്കിലെടുത്താണ് നടപടി. നിരോധന കാലയളവിൽ പരമ്പരാഗത യാനങ്ങൾക്ക് മാത്രമേ മത്സ്യബന്ധനത്തിന് അനുമതിയുണ്ടാവുകയുള്ളൂ. ട്രോളിങ്ങ് നിരോധന വുമായി ബന്ധപ്പെട്ട എല്ലാ ക്രമീകരണങ്ങളും പൂർത്തിയായതായി കൊല്ലം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ രമേശ് ശശിധരൻ ആകാശവാണി വാർത്തകളോട് പറഞ്ഞു.
(വോയ്സ്)

❁❁❁❁❁❁❁❁❁❁❁❁

## പ്രധാനമന്ത്രി മൂന്നാമൂഴം

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിലുള്ള കേന്ദ്ര സർക്കാർ, മൂന്നാം തവണ അധികാരത്തിൽ എത്തിയിട്ട് ഇന്ന് രണ്ട് വർഷം പൂർത്തിയാകുന്നു. 2024 ജൂൺ 9 നാണ് അദ്ദേഹം മൂന്നാം തവണയും രാജ്യത്തിൻറെ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തത്.

❁❁❁❁❁❁❁❁❁❁❁❁

## കേന്ദ്ര സർക്കാർ - 12 വർഷം

കഴിഞ്ഞ 12 വർഷങ്ങളിൽ നിരവധി സുപ്രധാന മാറ്റങ്ങൾക്ക് ഇന്ത്യയുടെ വിദേശനയം സാക്ഷ്യം വഹിച്ചതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. പ്രതിസന്ധി ഘട്ടങ്ങളിൽ ആദ്യ പ്രതികരണവുമായി ഗ്ലോബൽ സൗത്തിന്റെ ശബ്ദമായി ഇന്ത്യ നിലകൊണ്ടതായും അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁

## മുൻകൂർ ജാമ്യം

ആലപ്പുഴയിൽ, മുൻ മുഖ്യമന്ത്രി പിണറായി വിജയൻറെ നവകേരള യാത്രക്കിടെ പ്രതിഷേധിച്ച യുത്ത് കോൺഗ്രസ് - KSU നേതാക്കളെ മർദ്ദിച്ച സംഭവത്തിൽ, പ്രതികളായ ഗൺമാനും സുരക്ഷാ ഉദ്യോഗസ്ഥർക്കും ആലപ്പുഴ ജില്ല സെഷൻസ് കോടതി മുൻകൂർ ജാമ്യം നൽകി. ഗൺമാൻ അനിൽകുമാർ സുരക്ഷ ഉദ്യോഗസ്ഥരായ എസ് സന്ദീപ്, വിപിൻ, അരുൺ, ഷൈജു എന്നിവർക്കാണ് മുൻകൂർ ജാമ്യം അനുവദിച്ചത്. 2023 ലുണ്ടായ സംഭവം അന്വേഷിക്കാൻ യുഡിഎഫ് സർക്കാർ അധികാരമേറ്റ ശേഷം പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചിരുന്നു. പ്രതികൾക്കെതിരെ നരഹത്യശ്രമം അടക്കമുള്ള ജാമ്യമില്ലാ വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁

## ജയിൽ- രമേശ് ചെന്നിത്തല

രാഷ്ട്രീയ കാരണങ്ങളാൽ പരോൾ നൽകുകയോ നീട്ടിക്കൊണ്ടു പോകുകയോ ചെയ്യില്ലെന്നും തടവുകാരുടെ ന്യായമായ പരോളുകൾ നിഷേധിക്കില്ലെന്നും ജയിൽ ഓഫീസേഴ്സ് യോഗത്തിന് ശേഷം ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. തടവുകാരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁

## മഴ

വടക്കൻ കേരളത്തിൽ ശക്തമായ മഴ തുടരും. അതിതീവ്ര മഴയ്ക്ക് സാധ്യതയുള്ളതിനാൽ കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥ വകുപ്പ് ഇന്ന് ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ചു. മലപ്പുറം, വയനാട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും മറ്റെല്ലാ ജില്ലകളിലും  മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. നാളെയും മറ്റന്നാളും മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്.  കുറഞ്ഞ സമയം കൊണ്ട് വലിയ മഴയുണ്ടാകുന്ന പ്രവണതയാണ് സംസ്ഥാനത്ത് പ്രതീക്ഷിക്കുന്നത്. കേരളം -ലക്ഷദ്വീപ് - കർണാടക  തീരങ്ങളിൽ ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി .

RNU TVPM

❁❁❁❁❁❁❁❁❁❁❁❁

## കോഴിക്കോട് - മഴ

കോഴിക്കോട് ജില്ലയിൽ ഇന്നുണ്ടായ ശക്തമായ മഴയിൽ  നഗര പ്രദേശങ്ങളിലടക്കം താഴ്ന്ന ഭാഗങ്ങളിൽ വെള്ളക്കെട്ടുണ്ടായി. പുഴകളിൽ ജലനിരപ്പ് ഉയർന്നിട്ടുണ്ട്. ശക്തമായ മഴയിൽ കൊടിയത്തൂർ മുണ്ടംപൊയിലിൽ ഒരു വീട് പൂർണ്ണമായി തകർന്നു. തോട്ടുമുക്കത്ത്  വീടിൻ്റെ ചുറ്റുമതിൽ തകർന്നു വീണു. വടകര ടൗൺ ഉൾപ്പെടെ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്. മേപ്പയിൽ പാലത്തിന് സമീപം റോഡിൽ വെള്ളക്കെട്ട് നിലനിൽക്കുകയാണ്.

❁❁❁❁❁❁❁❁❁❁❁❁

## കെ.എസ്.ഇ.ബി - മുന്നറിയിപ്പ്

സംസ്ഥാനത്ത് ശക്തമായ മഴയും കാറ്റും നിലനിൽക്കുന്ന സാഹചര്യത്തിൽ വൈദ്യുതി ലൈനുകളിൽ മരങ്ങൾ കടപുഴകി വീഴാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് കെ.എസ്.ഇ.ബി. വൈദ്യുതി കമ്പികൾ പൊട്ടിക്കിടക്കുന്നതോ, അസ്വാഭാവികമായി താഴ്ന്നുകിടക്കുന്നതോ ശ്രദ്ധയിൽപ്പെട്ടാൽ യാതൊരു കാരണവശാലും അവയുടെ സമീപത്തേക്ക് പോകരുത്. ഇത്തരം സാഹചര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ സമീപത്തെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിലോ 94 96 01 01 01 എന്ന നമ്പരിലോ വിവരം അറിയിക്കണമെന്നും നിർദ്ദേശത്തിൽ പറയുന്നു.

❁❁❁❁❁❁❁❁❁❁❁❁

## ആറന്മുള വള്ളസദ്യ - ഇൻട്രോ

ആറന്മുള വള്ളസദ്യക്കാലത്തിന് അടുത്ത മാസം 19 ന് തുടക്കമാകും. ഉതൃട്ടാതി ജലോത്സവം ഓഗസ്റ്റ് 30നും അഷ്ടമി രോഹിണി വള്ളസദ്യ സെപ്റ്റംബർ നാലിനും നടക്കും.

**ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....**

(വോയിസ്)

RNU TVPM

❁❁❁❁❁❁❁❁❁❁❁❁

## ലക്ഷദ്വീപ്

ലക്ഷദ്വീപിൽ നാളെ മുതൽ പുതിയ അധ്യയന വർഷത്തിന് തുടക്കമാവും. ദേശീയ വിദ്യാഭ്യാസ നയത്തിൻറെ മാർഗ്ഗ നിർദേശങ്ങൾക്കനുസൃതമായി, വിദ്യാർത്ഥികളുടെ നൈപുണ്യ വികസനത്തിനും സാങ്കേതിക പുരോഗതിക്കും പ്രാധാന്യം നൽകിക്കൊണ്ടുള്ള മുന്നൊരുക്കങ്ങളാണ് സ്കൂളുകളിൽ പുരോഗമിക്കുന്നതെന്ന് ലക്ഷദ്വീപ് വിദ്യാഭ്യാസ വകുപ്പ് അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁

## പത്മ പുരസ്കാരങ്ങൾ

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. നടൻ മമ്മൂട്ടി ചടങ്ങിൽ പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു. അഞ്ച് പത്മവിഭൂഷൺ, 13 പത്മഭൂഷൺ, 113 പത്മശ്രീ ഉൾപ്പെടെ 131 പത്മ അവാർഡുകളാണ് ഈ വർഷം സമ്മാനിക്കുന്നത്.

RNU TVPM